പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 4016 | 25.06.2014- ൽ മറുപടിക്ക് |
|---|---|

## വട്ടിയൂർക്കാവ് - കലശേഖരം പി. എച്ച്. സി. യിൽ കൂടുതൽ സൗകര്യങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. മുരളീധരൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | വട്ടിയൂർക്കാവ്-കലശേഖരം പ്രൈമറി ഹെൽത്ത് സെന്ററിൽ ഈ സർക്കാർ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | എ) | ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനു വേണ്ടി സർക്കാർ ഉത്തരവ് നം. 24.2011/ജി. ഒ (എം. എസ്)-നു വിധേയമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം.<br>• വട്ടിയൂർക്കാവ് പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഒ. പി. കൗണ്ടർ നവീകരിക്കുകയുണ്ടായി.<br>• ഒ. പി.-യിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തി.<br>• രോഗികളുടെ കാത്തിരിപ്പ് സ്ഥലത്ത് രോഗികൾക്ക് ഇരിക്കുന്നതിനായി കസേരകൾ ലഭ്യമാക്കി.<br>• കാത്തിരിപ്പ് സ്ഥലത്ത് ടി.വി. സ്ഥാപിച്ചു.<br>• കുടിവെള്ള ലഭ്യത ഉറപ്പുവരുത്തി വാട്ടർ പ്യൂരിഫെയർ സ്ഥാപിച്ചു.<br>• ലാബോറട്ടറി സംവിധാനം വിപുലപ്പെടുത്തി.<br>• ഉപകരണങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള Caliberation നടത്തി. കടയിൽമുടമ്പു വെള്ളെക്കടവു റോഡിൽ നിന്നും ആശുപത്രിയിലേക്കുള്ള 100 മീറ്റർ റോഡ് ടാർ ചെയ്തു. |

| | | | |
|---|---|---|---|
| | | | • വട്ടിയൂർക്കാവ് ജംഗ്ഷൻ, തോപ്പിൽമൂട്, കലശേഖരം എന്നിവിടങ്ങളിൽ സൈൻബോർഡ് സ്ഥാപിച്ചു.<br>• ഇമേജ് മുഖേന മാലിന്യങ്ങൾ നിർമ്മാർജനം ചെയ്തു തുടങ്ങി. |
| ബി) | പ്രസ്തുത ഹെൽത്ത് സെന്ററിൽ ചികിത്സ തേടുന്ന ഔട്ട്പേഷ്യന്റ്/ ഇൻപേഷ്യന്റ് വിഭാഗം രോഗികളുടെ ശരാശരി എണ്ണം എത്രയാണ്; | ബി) | പ്രസ്തുത സെന്ററിൽ ചികിത്സ തേടുന്ന ഒ. പി. വിഭാഗം രോഗികളുടെ പ്രതിമാസ എണ്ണം 5231 ആണ്. ടി ആശുപത്രിയിൽ ഐ. പി. വിഭാഗം പ്രവർത്തിക്കുന്നില്ല. |
| സി) | നിശ്ചിത നിബന്ധന പ്രകാരം ഇവിടെ ആവശ്യമായ മെഡിക്കൽ/ പാരാമെഡിക്കൽ ജീവനക്കാരുടെ എണ്ണവും ഇപ്പോൾ നിലവിലുള്ള ജീവനക്കാരുടെ എണ്ണവും എത്രയാണ്; | സി) | വട്ടിയൂർക്കാവ് പി. എച്ച്. സി. ഒരു 24 x 7 പി. എച്ച്. സി. ആണ്. സാധാരണ 24 x 7 പി. എച്ച്. സി. യിൽ മെഡിക്കൽ പാരാമെഡിക്കൽ ഉൾപ്പെടെ 25 (ഇരുപത്തിയഞ്ച്) തസ്തികകൾ ആണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ വട്ടിയൂർക്കാവ് പി. എച്ച്. സി. യിൽ ഏഴ് സ്ഥിരം തസ്തികകളാണ് നിലവിലുള്ളത്. കോൺട്രാക്ട് അടിസ്ഥാനത്തിലും എൻ. ആർ. എച്ച്. എം മുഖേനയും നിലവിൽ 17 ജീവനക്കാർ ജോലി ചെയ്തു വരുന്നു. അവരുടെ വിവരം ചുവടെ ചേർക്കുന്നു.<br>അസി. സർജൻ - 4 (സ്ഥിരം -1, എൻ. ആർ. എച്ച്. എം-3)<br>സ്റ്റാഫ് നേഴ്സ് -1 (വർക്കിംഗ് അറേഞ്ച്മെന്റ്)<br>-3 (എൻ. ആർ. എച്ച്. എം)<br>നഴ്സിംഗ് അസിസ്റ്റന്റ് - 1 സ്ഥിരം<br>വാർഡ് ഹെൽപ്പർ - 1 (എൻ. ആർ. എച്ച്. എം)<br>ഹോസ്പിറ്റൽ അറ്റൻഡർ<br>ഗ്രേഡ് 2 – 1 (സ്ഥിരം)<br>– 1 (വർക്കിംഗ് അറേഞ്ച്മെന്റ്)<br>ഫാർമസിസ്റ്റ് - 1 (സ്ഥിരം)<br>ലാബ്ടെക്നീഷ്യൻ-1 (എൻ. ആർ. എച്ച്. എം)<br>പി. റ്റി. എസ്. - 1 (ദിവസവേതനാടിസ്ഥാനത്തിൽ)<br>ക്ലാർക്ക് - 1 സ്ഥിരം<br>ഓഫീസ് അസിസ്റ്റന്റ് - 1 പ്യൂൺ |

| | | | |
|---|---|---|---|
| ഡി) | കുറവുള്ള മെഡിക്കൽ/ പാരാമെഡിക്കൽ ജീവനക്കാരെ അടിയന്തിരമായി നിയമിക്കുമോ; | ഡി) | നിലവിൽ ടി ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള തസ്തികയിൽ എല്ലാം തന്നെ ജീവനക്കാർ നിലവിലുണ്ട്. |
| ഇ) | വട്ടിയൂർക്കാവ് പി. എച്ച്. സി. യിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ വിശദമാക്കുമോ? | ഇ) | 1. വട്ടിയൂർക്കാവ് പ്രാഥമികാരോഗ്യകേന്ദ്രത്തിൽ കിണർ ശുചീകരിച്ച് പമ്പ് സെറ്റ് സ്ഥാപിച്ച് ആശുപത്രി കെട്ടിടത്തിന് ജലവിതരണം ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കൽ<br>2. വട്ടിയൂർക്കാവ് പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ അറ്റകുറ്റപ്പണികൾ, പ്ലംബിംഗ് ജോലികൾ<br>3. വട്ടിയൂർക്കാവ് പ്രാഥമികാരോഗ്യ കേന്ദ്രത്തിലേയ്ക്കും 7 സബ്സെന്ററുകളിലേക്കും ഫർണിച്ചറുകളും, ഉപകരണങ്ങളും വാങ്ങൽ, കമ്പ്യൂട്ടറുകളുടെയും അനുബന്ധ സാധനങ്ങളുടെയും വാങ്ങൽ.<br>4. വട്ടിയൂർക്കാവ് പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിടത്തിന്റെ അടിസ്ഥാനം വിപുലപ്പെടുത്തി സ്ത്രീകളുടെ പരിശോധനാമുറി നിർമ്മിക്കൽ, ഫാർമസി സ്റ്റോർ വിപുലപ്പെടുത്തൽ, വാഹന പാർക്കിംഗ് സൗകര്യം ഒരുക്കൽ, ചുറ്റുമതിൽ നിർമ്മിക്കൽ, രോഗികൾക്കായുള്ള വെയിറ്റിംഗ് ഹാൾ വിപുലീകരിച്ച് നവീകരിക്കൽ.<br>ടി വികസന പ്രവർത്തനങ്ങൾക്കുള്ള പ്രൊപ്പോസൽ തിരുവനന്തപുരം നഗരസഭ ആഫീസിൽ സമർപ്പിക്കുകയും വാർഷിക പദ്ധതി (2014-15)യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**